"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി -ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം എൻ.എച്ച്. ബൈപാസ് റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീ. മുഹമ്മദ് അഷ്റഫിന്റെ പൊന്നുംവില നിയമം 28എ പ്രകാരമുള്ള അപേക്ഷ - അവാർഡ് തുക അനുവദിക്കുന്നതിന് നൽകിയ ഭരണാനുമതി ഉത്തരവ് റദ്ദ് ചെയ്തു പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

| | |
|---|---|
| **സ.ഉ.(സാധാ) നം.1546/2024/LSGD** | **തീയതി, തിരുവനന്തപുരം, 19-08-2024** |

പരാമർശം:-
1. സ.ഉ. (പി) നം.32/2019/ധന തീയതി 18/03/2019.
2. ബഹു. തിരുവനന്തപുരം സബ്കോടതിയുടെ എൽ.എ.ആർ. 361/09 നമ്പർ കേസിന്മേലുള്ള 21/12/2019-ലെ വിധിന്യായം.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 22/04/2022-ലെ കെ13-404163/2022 നമ്പർ നടപടിക്രമം.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 30/05/2022 -ലെ എസ്1/909/2021/ടിഡ നമ്പർ കത്ത്.
5. സ.ഉ. (സാധാ) നം.281/2023/ത.സ്വ.ഭ.വ, തീയതി 01.02.2023.
6. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 01/06/2023 -ലെ എസ്1/909/2021/ടിഡ (1) നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം എൻ.എച്ച്. ബൈപാസ് റോഡ് വികസനത്തിനായി എൽ.എ.സി. 358/07 പ്രകാരം ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് 1894-ലെ ഭൂമി ഏറ്റെടുക്കൽ നിയമം സെക്ഷൻ 28 (എ) പ്രകാരം കക്ഷിയായ ശ്രീ. മുഹമ്മദ് അഷ്റഫ് സമർപ്പിച്ച അപേക്ഷയിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 6,61,432/- രൂപ (ആറ് ലക്ഷത്തി അറുപത്തിയൊന്നായിരത്തി നാന്നൂറ്റി മുപ്പത്തിരണ്ട് രൂപ മാത്രം) അനുവദിക്കുന്നതിന് പരാമർശം (5) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ-കുമാരപുരം-പൂന്തി-അണമുഖം എൻ.എച്ച്. ബൈപാസ് റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് 1894-ലെ ഭൂമി ഏറ്റെടുക്കൽ നിയമം സെക്ഷൻ 28 (എ) പ്രകാരമുള്ള അവാർഡ് തുക അനുവദിക്കുന്നതിനായി ഭരണാനുമതി നൽകിക്കൊണ്ടുള്ള പരാമർശം (5) സർക്കാർ ഉത്തരവ് 2022-23 സാമ്പത്തിക വർഷത്തെ ആയതിനാലും പരാമർശം (1) സർക്കാർ ഉത്തരവിലെ ഖണ്ഡിക (iii) (എ)-യിലെ നിബന്ധനകൾ പാലിക്കാതിരുന്നതിനാലും റദ്ദ് ചെയ്യുന്നതിനും

പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ധനകാര്യവകുപ്പ് നിർദ്ദേശിച്ചിരുന്നു.

3) പരാമർശം (1) സർക്കാർ ഉത്തരവിലെ ഖണ്ഡിക (iii) (എ)-യിൽ നിഷ്കർഷിക്കും പ്രകാരം പദ്ധതി നിർവ്വഹണത്തിന്റെ മൊത്തം ചെലവും പുതുക്കിയ ചെലവും സംബന്ധിച്ച വിശദവിവരം ബന്ധപ്പെട്ട പൊന്നുംവില കാര്യാലയങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുള്ളതായി തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി പരാമർശം (6) കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. 1894-ലെ ഭൂമി ഏറ്റെടുക്കൽ നിയമം സെക്ഷൻ 28(എ) പ്രകാരം അവാർഡ് തയ്യാറാക്കുന്ന ദിവസം വരെയുള്ള പലിശ മാത്രമേ സർക്കാർ നിർദ്ദേശപ്രകാരം അനുവദിക്കുകയുള്ളൂവെന്നും ആയതിനാൽ കക്ഷിക്ക് അനുവദിക്കേണ്ട തുകയിൽ മാറ്റമില്ലായെന്നും തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ടെന്ന് തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം എൻ.എച്ച്. ബൈപാസ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് 1894-ലെ ഭൂമി ഏറ്റെടുക്കൽ നിയമം സെക്ഷൻ 28A പ്രകാരമുള്ള അവാർഡ് തുക കക്ഷിയായ ശ്രീ. മുഹമ്മദ് അഷ്റഫിന് അനുവദിക്കുന്നതിനായി ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ച പരാമർശം (5) സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുന്നതിനും അവാർഡ് തുകയായ 6,61,432/- രൂപ (ആറ് ലക്ഷത്തി അറുപത്തിയൊന്നായിരത്തി നാനൂറ്റി മുപ്പത്തിരണ്ട് രൂപ മാത്രം) '4217-60-800-93-Payment of Compensation in LAR cases' എന്ന ശീർഷകത്തിൽ നിന്നും കക്ഷിയായ ശ്രീ. മുഹമ്മദ് അഷ്റഫിന് (പ്ലാവിള പുത്തൻ വീട്, N.P.5/63, മുക്കുകട, നാവായിക്കുളം, മരുതിക്കുന്ന് പി.ഒ., തിരുവനന്തപുരം) അനുവദിക്കുന്നതിനായി പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. മുഹമ്മദ് അഷ്റഫ്, പ്ലാവിള പുത്തൻ വീട്, N.P.5/63, മുക്കുകട, നാവായിക്കുളം, മരുതിക്കുന്ന് പി.ഒ., തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ.1/202/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 19-08-2024 11:51:07
സെക്ഷൻ ഓഫീസർ